**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4075** **15-07-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് വ്യാപനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്നിന്റെ നിർമ്മാണം, വിപണനം, ഉപഭോഗം എന്നിവ പൂർണ്ണമായി നിരോധിച്ച് മയക്കുമരുന്ന് വ്യാപനത്തിന്റെ വേരറുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് മയക്കുമരുന്നിന്റെ അനധികൃത നിർമ്മാണം, വിപണനം, ഉപഭോഗം എന്നിവ പൂർണ്ണമായും തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനയും, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ദിവസവും ബോർഡർ പട്രോളിംഗ്, രാത്രികാല പരിശോധനയും, വിവിധ തലത്തിലുള്ള എൻഫോഴ്സ്മെന്റ് ഓഫീസുകൾ സംയുക്തമായി കോമ്പിംഗ്, വാഹന പരിശോധനകളും നടത്തി വരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകളിൽ ലഭിക്കുന്ന പരാതികളിലും വിവരങ്ങളിലും അടിയന്തിര നടപടി സ്വീകരിക്കുന്നതിന് സ്ട്രൈക്കിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.<br>മയക്കുമരുന്നുകളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും കടത്ത് കണ്ടെത്തുന്നതിനായി സംസ്ഥാനം മുഴുവൻ അധികാര പരിധിയുള്ള സ്പെഷ്യൽ സ്ക്വാഡുകളും, രഹസ്യ വിവരം ശേഖരിക്കുന്നതിന് എക്സൈസ് ഇന്റലിജന്റ്സ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം കണ്ടെടുക്കുന്ന കേസ്സുകൾ ക്രൈം ബ്രാഞ്ച് വിഭാഗവും, ഫീൽഡ് ഓഫീസുകളും കാര്യക്ഷമമായി അന്വേഷിച്ച് സമയബന്ധിതമായി കുറ്റപത്രം സമർപ്പിച്ച് കുറ്റക്കാർക്ക് അർഹമായ ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനും, മയക്കുമരുന്ന് കടത്തിലൂടെ സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നിയമനടപടികളും സ്വീകരിച്ചു വരുന്നു.<br>കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും, ലഹരി മുക്ത കേരളം |

| | | | |
|---|---|---|---|
| | | | എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി പൊതുജനങ്ങളുടെയും, മറ്റ് സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള ലഹരി വില്പനയും, ഉപയോഗവും തടയുന്നതിനായി വിമുക്തി മിഷന്റെ ഭാഗമായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ